/55431/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക G, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ്- അങ്കണവാടി പരിശീലന പദ്ധതി - അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:

1. 22.07.2022 ലെ സ.ഉ.(സാ.ധാ) നം.344/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 10.06.2022 ലെ ICDS.B.8/604/2022 നമ്പർ കത്ത്.

**<u>ഉത്തരവ് നം. ICDS.B.8/1604/2022 തീയതി: 12-08-2022</u>**

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും പരിശീലനം നടത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു.

1. അങ്കണവാടി വർക്കർമാരുടെ റിഫ്രഷർ ട്രെയിനിംഗിനുള്ള മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തിയാകണം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്. ട്രെയിനിംഗ് മൊഡ്യൂൾ വകുപ്പിന്റെ വെബ് സൈറ്റിൽ 'Orders and Notifications' എന്ന ഭാഗത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.
2. ഓരോ ജില്ലയിലും മാസ്റ്റർ ട്രെയിനർമാരായി(TOT) 15 പേർ വീതം ഉൾക്കൊള്ളുന്ന ടീം രൂപീകരിച്ച് പരിശീലനം നല്കിയിട്ടുണ്ട്. Resource Persons ആയി ഈ ടീമിനെ ജില്ലാതലങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.
3. ഇതിനു പുറമെ വിഷയ വിദഗ്ധരായിട്ടുള്ള RP മാരെ Guest Speaker മാരായി ഉൾപ്പെത്താവുന്നതാണ്. ഇത്തരത്തിൽ ഒരു ബാച്ചിന് പരമാവധി 20 Guest Speaker മാരെ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ഉൾപ്പെടുത്തുന്നവർക്ക്ഒരു സെഷന് പരമാവധി 1000/- രൂപ നിരക്കിൽ ഹോണറേറിയം നല്കാവുന്നതാണ്.
4. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് , കണ്ണൂർ ജില്ലകളിൽ ട്രെയിനിംഗ് നടത്തുന്നത് സംബന്ധിച്ച് 2022 ജൂൺ 16,17 തീയതികളിലെ ജില്ലാതല ഓഫീസർ മാരുടെ റിവ്യൂ മീറ്റിംഗിന്റെയും, 28/6/22 ലെ പ്രോഗ്രാം ഓഫിസർ ,ശിശുക്ഷേമ സമിതി എന്നിവരുമായി

ഡയറക്ടർ നടത്തിയ മീറ്റിംഗിന്റെയും അടിസ്ഥാനത്തിൽ ശിശുക്ഷേമ സമിതിയുടെ ട്രെയിനിംഗ് സെന്ററുകളിൽ വച്ച് ട്രെയിനിംഗ് നടത്താവുന്നതാണ്.

5. വകുപ്പിൽ നിലവിൽ ജോലി ചെയ്തു വരുന്നവർക്ക് ജീവനക്കാർക്ക് ക്ലാസ്സെടുക്കുന്ന ഇനത്തിൽ ഹോണറേറിയം നല്കേണ്ടതില്ല.
6. വർക്കർ റിഫ്രഷർ ട്രെയിനിംഗിന് ഒരു ബാച്ചിന് 40 പേരെ ഉൾപ്പെടുത്തേണ്ടതാണ്
7. ട്രെയിനിംഗുകൾ 2022 ഒക്ടോബർ മുതൽ തുടങ്ങേണ്ടതും ഡിസംബർ 31 നുള്ളിൽ പൂർത്തീകരിയ്ക്കേണ്ടതുമാണ്.
8. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ആകെ 12 ബാച്ച് വീതവും മറ്റുള്ള ജില്ലകളിൽ 10 വീതവും ബാച്ചുകൾ നടത്തുന്നതിനുള്ള ഫണ്ട് ആണ് ലഭ്യമാക്കുന്നത്.
9. ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ള വർക്കർമാരുടെ പങ്കാളിത്തം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറും സി.ഡി.പി.ഒ മാരും ഉറപ്പു വരുത്തേണ്ടതാണ്. ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് Annexure II ആയി നല്കിയിട്ടുള്ള പ്രൊഫോർമയിൽ ഓരോ ബാച്ചും പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ലഭ്യമാക്കേണ്ടതാണ്.
10. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 40 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിയ്ക്കുന്നു

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 300/- per head (300x40x7) | 84,000/- |
| 2. | Travelling Allowance | 500/head/course | 20,000/- |
| 3. | Honorarium to Guest Speakers (maximum 20 Lecture per Course) | 1000/- | 20,000/- |
| 4. | Cost of Training Materials | 100/- per Trainee | 4,000/- |
| 5. | Field Visit | 4,000/- | 4,000/- |
| | **Total** | | **1,32,000/-** |

**മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസം 50,000/- രൂപ Room, Hall വാടക,Electricity charges,..മുതലായ ഇനത്തിലും എല്ലാ ബാച്ചുകൾക്കും കൂടി 20,000/- രൂപാ**

വീതം Other Expenses ഇനത്തിലും അനുവദിയ്ക്കുന്നു. മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസിർമാർക്കും ചുവടെപ്പറയും പ്രകാരം തുക അനുവദിച്ച് നല്കുന്നു.

11. മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനായി ആകെ 2,21,80,000/- (രണ്ട് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി അനുവദിച്ച ഉത്തരവാകുന്നു. ജില്ലാ ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിയ്ക്കുന്ന തുക | ഹാൾ, റൂം വാടക (3 മാസത്തേയ്ക്ക്) | മറ്റ് ചിലവുകൾ | ആകെ അനുവദിയ്ക്കുന്ന തുക |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 15,84,000/- (1,32,000 x 12) | 1,50,000/- | 20,000/ | 17,54,000/- |
| 2. | കൊല്ലം | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 3. | പത്തനംതിട്ട | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 4. | ആലപ്പുഴ | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 5. | കോട്ടയം | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 6. | ഇടുക്കി | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 7. | എറണാകുളം | 15,84,000/- (1,32,000 x 12) | 1,50,000/- | 20,000/ | 17,54,000/- |
| 8. | തൃശ്ശൂർ | 15,84,000/- (1,32,000 x 12) | 1,50,000/- | 20,000/ | 17,54,000/- |
| 9. | പാലക്കാട് | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 10. | മലപ്പുറം | 15,84,000/- (1,32,000 x 12) | 1,50,000/- | 20,000/ | 17,54,000/- |
| 11. | കോഴിക്കോട് | 15,84,000/- | 1,50,000/- | 20,000/ | 17,54,000/- |

'55431/2022

| | | | | | |
|---|---|---|---|---|---|
| | | (1,32,000 x 12) | | | |
| 12. | വയനാട് | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 13. | കണ്ണൂർ | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| 14. | കാസർകോഡ് | 13,20,000/- (1,32,000 x 10) | 1,50,000/- | 20,000/ | 14,90,000/- |
| | ആകെ | **1,98,00,000/-** | **21,00,000/-** | **2,80,000/-** | **2,21,80,000/-** |
| **ആകെ രണ്ട് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം** | | | | | |

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-56 (P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാവനിതശിശുവികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ് :

1. ഫിനാൻസ് ഓഫീസറു
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ligned by Priyanka G
Date: 12-08-2022 14:48:30

## Annexure II

**ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച പ്രൊഫോർമാ റിപ്പോർട്ട്**

1. ട്രെയിനിംഗിന്റെ പേര് : റിഫ്രഷർ ട്രെയിനിംഗ്
   സൂപ്പർവൈസർ/വർക്കർ/ഹെൽപ്പർ
2. ബാച്ച് നമ്പർ : ബാച്ച് 1/2/3/4
3. പരിശീലനം നടന്ന തീയതി : ................ മുതൽ ........................... വരെ
4. പങ്കെടുത്തവരുടെ എണ്ണം :
5. നടത്തിയിട്ടുള്ള ആകെ സെഷനുകളുടെ എണ്ണം :
6. നടത്തിയിട്ടുള്ള എല്ലാ സെഷനുകളുടേയും വിവരങ്ങൾ ചുവടെപ്പറയുന്ന പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്

| Day : | | |
|---|---|---|
| Session | TOPIC | NAME OF RESOURCE PERSON |
| Session 1 | | |
| Session 2 | | |
| Session 3 | | |
| Session 4 | | |
| Session 5 | | |
| Session 6 | | |

**സാക്ഷ്യപത്രം :**

മേൽ പരിശീലന പരിപാടി നിർദ്ദേശിച്ചിട്ടുള്ള എണ്ണം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**പ്രോഗ്രാം ഓഫീസറുടെ പേര് :**

**ഒപ്പ് :**